കേരള ലളിതകലാ അക്കാഡമി യുവാക്കളിൽ സാമൂഹ്യപ്രതിബദ്ധതയുടെ ഭാഗമായ പരിസ്ഥിതി ബോധം സൃഷ്ടിക്കുന്നതിന് വേണ്ടി ജൂണിൽ 'മഴ' ചിത്രകലാ ക്യാമ്പ്, 'പ്രകൃതിവന്ദനം' പരിസ്ഥതി ചിത്രരചനയും സെമിനാറും നടത്തിയിട്ടുണ്ട്. മദ്യാസക്തിക്ക് എതിരെയുള്ള പ്രവർത്തനങ്ങളിൽ പങ്കുചേർന്നുകൊണ്ട് യുവകലാകാരന്മാരും പൊതുജനങ്ങളും ഒരുമിക്കുന്ന ജനകീയ ക്യാൻവാസ് എന്ന സാമൂഹ്യ ചിത്രരചന ജൂലൈ 18-ന് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ലളിതകലാ അക്കാദമിയുടെ നേതൃത്വത്തിൽ നടക്കുന്ന (ജൂലൈ 11-14) പെണ്ണ ചിത്രകലാക്യാമ്പും സംവാദവും സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായ സ്ത്രീശാക്തീകരണം എന്ന വിഷയത്തെ ആസ്പദമാക്കിയാണ് സംഘടിപ്പിക്കുന്നത്.

ഇത്തരം പരിപാടികൾ ആഡംബര ഭ്രമവും ധൂർത്തും പ്രചരിപ്പിക്കുന്ന പുത്തൻ ആഗോളതന്ത്രങ്ങളിൽ നിന്നും യുവാക്കളെ മോചിപ്പിച്ച് സാമൂഹ്യ യാഥാർത്ഥ്യങ്ങളോട് പൊരുത്തപ്പെടുന്ന നല്ല തലമുറയെ സൃഷ്ടിക്കുവാൻ ഉതകുന്നതാണ്.

ബാലുശ്ശേരി കോട്ടയിലെ ദാരുശില്പങ്ങൾ

39 (7336) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ ചുമർ ചിത്രം കണ്ടെടുക്കുകയും നവീകരിക്കുകയും ചെയ്ത ബാലുശ്ശേരി കോട്ടയിലെ ദാരുശില്പങ്ങൾ മഴയിലും വെയിലിലും നശിക്കാനിടയുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യം പരിശോധിച്ച് സംരക്ഷണ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബാലുശ്ശേരി കോട്ട വേട്ടയ്ക്കൊരു മകൻ ക്ഷേത്രം നിലവിൽ സംരക്ഷിത സ്മാരകമല്ല. പ്രസ്തുത ക്ഷേത്രം പരിശോധിച്ച് ആവശ്യമായ അടിയന്തര സംരക്ഷണ പണികൾ ചെയ്യുന്നതാണ്.

കാസർഗോഡ് ജില്ലയിലെ കോട്ടകൾ

40 (7337) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ പുരാവസ്തു വകുപ്പിന്റെ കീഴിൽ എത്ര കോട്ടകളുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന് ഓരോന്നിനും എത്ര ഏക്കർ വീതം സ്ഥലമുണ്ടെന്നും ഇത് സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ;

(സി) ഈ കോട്ടകളുടെ സംരക്ഷണത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച 4 കോട്ടകൾ ഉണ്ട്. പൊയിൽകോട്ട, ചന്ദ്രഗിരിക്കോട്ട, അരിക്കാടി കോട്ട, പുതിയക്കോട്ട എന്നിവയാണ് പ്രസ്തുത കോട്ടകൾ.

(ബി) പൊയിൽ കോട്ടയ്ക്ക് 8.44 ഏക്കറും ചന്ദ്രഗിരി കോട്ടയ്ക്ക് 7.76 ഏക്കറും അരിക്കാടി കോട്ടയ്ക്ക് 5.357 ഏക്കറും പുതിയ കോട്ടയ്ക്ക് 2 ഏക്കറും സ്ഥലമാണ് ഉള്ളത്. പ്രസ്തുത കോട്ടകൾ സംരക്ഷിക്കുന്നതിന് നിലവിൽ പ്രത്യേക പദ്ധതികളൊന്നും ഇല്ല. കോട്ടകളുടെ സാധാരണ സംരക്ഷണ പണികൾ മാത്രമാണ് നടത്തി വരാറുള്ളത്.

(സി) മൂലിയാറിലുള്ള പൊയിൽകോട്ടയുടെ സംരക്ഷണ പദ്ധതികൾക്കായി 10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പണികൾ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കാസർഗോഡ് ജില്ലയിലെ കോട്ടകളുടെ സംരക്ഷണത്തിനായി വേറെ പദ്ധതികളൊന്നും നിലവിലില്ല.

തലശ്ശേരി കോട്ടയിലെ പീരങ്കി സംരക്ഷണം

41 (7338) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി കോട്ടയിൽ നിന്ന് കണ്ടെടുത്ത നൂറ്റാണ്ടുകൾ പഴക്കമുള്ള പീരങ്കി സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭ്യമായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പീരങ്കി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദീകരിക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്. 25-7-2013-ൽ തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തലശ്ശേരി കോട്ടയിൽനിന്ന് കണ്ടെത്തിയ പീരങ്കികളുടെ രാസസംരക്ഷണ പ്രവർത്തനങ്ങൾ പുരാവസ്തു വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. രാസസംരക്ഷണ പ്രവർത്തനങ്ങൾക്ക് ശേഷം 6 പീരങ്കികൾ തുറമുഖ വകുപ്പും 2 പീരങ്കികൾ പുരാവസ്തു വകുപ്പും സൂക്ഷിക്കുന്നതിന് യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. എന്നാൽ രാസസംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള ചെലവിനായി 3 ലക്ഷം രൂപ തുറമുഖ വകുപ്പിൽ നിന്നും ലഭിക്കാത്തതിനാൽ രാസ സംരക്ഷണ പ്രവർത്തനങ്ങൾ ഇതുവരെയും തുടങ്ങിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly